# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2329 | 07.02.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. രജിസ്ട്രേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ജെ. മാക്സി : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി രജിസ്ട്രേഷനുള്ള വ്യാപാരികൾ എത്ര പേരുണ്ടെന്നും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്ന കച്ചവടക്കാർ എത്ര പേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നും ഇവരെയും ജി.എസ്.ടി പരിധിയിൽ കൊണ്ടുവരാൻ എന്ത് നടപടി സ്വീകരിച്ച് വരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി രജിസ്ട്രേഷനുള്ള 3,52,738 പേരുണ്ട്. ഇതിൽ വ്യാപാരികളും സേവനദാതാക്കളും ഉൾപ്പെടുന്നു. ജി.എസ്.ടി രജിസ്ട്രേഷൻ വിറ്റുവരവ് പരിധി, ചരക്കുകൾ വിതരണം ചെയ്യുന്നവർക്കു മാത്രമായി നിലവിലുള്ള 20 ലക്ഷം രൂപയിൽ നിന്ന് 40 ലക്ഷമായി ഉയർത്താൻ 32-ാം ജി.എസ്.ടി കൗൺസിൽ ശുപാർശ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ എടുക്കാതെ ചരക്കുസേവനങ്ങൾ വിതരണം ചെയ്യുന്നവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഇന്റലിജന്റ്സ് വിഭാഗം സ്വീകരിച്ചുവരുന്നു. രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികളുടെ സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ല. |
| (ബി) | നികുതി, വിറ്റുവരവ് പരിധി എന്നിവ താഴ്ത്തുന്നതുമായി ബന്ധപ്പെട്ട് ജി.എസ്.ടി കൗൺസിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടു എന്നും ഇത് സംസ്ഥാന നികുതി മേഖലയിലുണ്ടാക്കുന്ന ഗുണകരവും ദോഷകരവുമായ മാറ്റങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (ബി) | 32-ാം ജി.എസ്.ടി കൗൺസിൽ ചരക്കുകൾ വിതരണം ചെയ്യുന്ന വ്യാപാരികളെ സംബന്ധിച്ച് നിലവിലുള്ള 20 ലക്ഷം രൂപയിൽ നിന്ന് 40 ലക്ഷമായി ഉയർത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, ഭൂരിഭാഗം ചരക്കുകളുടെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടിയിൽ 14% ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി.കൗൺസിൽ 9%, 6% എന്നീ |

| | | | |
|---|---|---|---|
| | | | നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനത്തിന്റെ നികുതിപിരിവിനെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തപ്പെടുന്നു. |
| (സി) | സംസ്ഥാനത്ത് ലോട്ടറി നികുതി എത്ര എന്നും മറ്റു സംസ്ഥാനങ്ങളിൽ എത്ര വീതമെന്നും പറയാമോ; | (സി) | കേരള ലോട്ടറി, സംസ്ഥാനം നേരിട്ട് നടത്തുന്നതിനാൽ അതിന് 12% ആണ് ജി.എസ്.ടി നിരക്ക്. എന്നാൽ അന്യസംസ്ഥാനലോട്ടറികൾ കേരളത്തിൽ വിറ്റാൽ അതിന്റെ നികുതിനിരക്ക് 28% ആണ്. അതുപോലെ കേരളലോട്ടറി പ്രൊമോട്ടർ വഴി അന്യസംസ്ഥാനങ്ങളിൽ വിറ്റാൽ 28% ആണ് ജി.എസ്.ടി നിരക്ക്. |
| (ഡി) | കേന്ദ്രസർക്കാറിന്റെ ലോട്ടറി നികുതി ഏകീകരിക്കൽ നയം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നും ജി.എസ്.ടി കൗൺസിലിൽ പ്രസ്തുത നികുതി വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തു തീരുമാനം കൈക്കൊണ്ടു എന്നും വ്യക്തമാക്കുമോ? | (ഡി) | ലോട്ടറിനികുതി ഏകീകരിക്കുന്നതിനുള്ള ഒരു നിർദ്ദേശം കഴിഞ്ഞ ജി.എസ്.ടി കൗൺസിലിൽ ചർച്ചയ്ക്ക് വന്നിരുന്നു. ഇതിന്റെ വിശദാംശങ്ങൾ വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി ജി.എസ്.ടി കൗൺസിലിൽ സമർപ്പിക്കുന്നതിനായി വിവിധ സംസ്ഥാനതല മന്ത്രിമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിൽ കേരളവും അംഗമാണ്. ഈ മന്ത്രുതലസമിതി റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**